**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ഒറ്റപ്പാലം നഗരസഭ – 2010-15 കാലഘട്ടത്തിലെ വാർഡുസഭ ചെലവുകൾ 2016-17 വർഷത്തിലെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 2038/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 19/06/2017

---

പരാമർശം:- നഗരകാര്യ ഡയറക്ടറുടെ 16/03/2017 ലെ ഡി.സി3-16444/2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2010-15 കാലഘട്ടത്തിൽ ഒറ്റപ്പാലം നഗരസഭയിലെ കൗൺസിലറായിരുന്ന ശ്രീ. പി.എം.അബ്ദുൾ ജലീൽ 9-ാം വാർഡിൽ വാർഡുസഭ നടത്തിയ വകയിൽ 21,532/- (ഇരുപത്തി ഒന്നായിരത്തി അഞ്ഞൂറ്റി മുപ്പത്തി രണ്ടു രൂപ) ചെലവഴിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക 2016-17 സാമ്പത്തിക വർഷം അസാധാരണ ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന 2 ലക്ഷം രൂപയിൽ നിന്ന് അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2010-15 കാലഘട്ടത്തിൽ ഒറ്റപ്പാലം നഗരസഭയിലെ കൗൺസിലറായിരുന്ന ശ്രീ. പി.എം.അബ്ദുൾ ജലീൽ 9-ാം വാർഡിൽ വാർഡുസഭ നടത്തിയ വകയിൽ ചെലവഴിച്ച 21,532/- (ഇരുപത്തി ഒന്നായിരത്തി അഞ്ഞൂറ്റി മുപ്പത്തി രണ്ടു രൂപ), 2016-17 സാമ്പത്തിക വർഷം അസാധാരണ ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന 2 ലക്ഷം രൂപയിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.